# മലങ്കര ഓർത്തഡോക്സ് ഹെറാൾഡ്

A WEEKLY PUBLICATION OF THE FAITH & CULTURE FELLOWSHIP DEVALOKAM KOTTAYAM 686 038, KERALA

PHONE 8499 8234

വാല്യം 5 | 1988 ജൂലൈ 15 | ലക്കം 21


# മെത്രാപ്പോലീത്തൻമാരുടെ ആത്മീയ നേതൃത്വം സഭയുടെ ശക്തി: പ: ബാവാ

(സ്റ്റാഫ് എഡിററർ)

കോട്ടയം: ഓർത്തഡോക്സ് സഭ അനുദിനം കൈവരിച്ചുകൊണ്ടിരിക്കുന്ന ആത്മീയ നേട്ടങ്ങൾ സഭയിലെ മെത്രാപ്പോലീത്തൻമാരുടെ ധീരമായ നേതൃത്വത്തിൻെറ ഫലമാണെന്ന് പരിശുദ്ധ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ തിരുമനസുകൊണ്ട് അനുസ്മരിച്ചു. കോട്ടയം പഴയ സെമിനാരിയിലെ സോഫിയാ സൻെററിൽ ചേന്ന പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദേസിൽ ആദ്ധ്യക്ഷം വഹിച്ചു സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആഗോളതലത്തിൽ സഭയ്ക്ക് ലഭിക്കുന്ന അംഗീകാരവും, കൈവരിക്കുന്ന നേട്ടങ്ങളും മെത്രാപ്പോലീത്തൻമാരുടെ സുദൃഢമായ നേതൃത്വത്തിൻെറ പ്രതിഫലനങ്ങളാണ്. ഓരോ മെത്രാസനവും കഴിഞ്ഞകാലങ്ങളിൽ കൈവരിച്ചിട്ടുള്ള പുരോഗതി അസൂയാവഹമത്രെ. ബോംബെ, ഇടുക്കി ഭദ്രാസന കേന്ദ്രങ്ങളുടെനിർമ്മാണപ്രവർത്തനങ്ങൾ ഈ അടുത്തകാലത്ത് പൂർത്തിയായിട്ടുള്ളത് എടുത്തുപറയേണ്ട നേട്ടമത്രെ. സമൂഹത്തിൽ അതിവേഗം പടർന്നു പിടിച്ചുകൊണ്ടിരിക്കുന്ന ധാർമ്മിക മൂല്യശോഷണത്തിനെതിരേ സഭ ക്രിയാത്മകമായി പ്രതികരിക്കണമെന്നും, മെത്രാപ്പോലീത്തൻമാർ ഈ വിഷയത്തിൽ അനുനിമിഷം ജാഗ്രത പുലർത്തിക്കൊണ്ടിരിക്കണമെന്നും പരിശുദ്ധ ബാവാ തിരുമനസുകൊണ്ട് തുടർന്ന് ഓർമ്മിപ്പിച്ചു.

പരിശുദ്ധ ബാവാ തിരുമനസിലെ അദ്ധ്യക്ഷതയിൽ ജൂലൈ 4-ാം തീയതി ആരംഭിച്ച പ: സുന്നഹദോസ് 8-ാം തീയതി സമാപിച്ചു. മാത്യൂസ് മാർ കൂറിലോസ്; ഫിലിപ്പോസ് മാർ തിയോഫിലോസ്; പൗലൂസ് മാർ ഗ്രീഗോറിയോസ്; ജോസഫ് മാർ പക്കോമിയോസ്; സഖറിയാസ് മാർ ദീവന്നാസ്യോസ്; ഗീവറുഗീസ് മാർ ദീയസ്കോറോസ്; മാത്യൂസ് മാർ ബർന്നബാസ്; മാത്യൂസ് മാർ എപ്പിഫാനിയോസ്; ഗീവറുഗീസ്മാർ ഈവാനിയോസ്; ഫിലിപ്പോസ് മാർ യൗസേബിയോസ്; തോമസ് മാർ അത്താനാസ്യോസ്; പൗലൂസ് മാർ മിലിത്തിയോസ് എന്നീ മെത്രാപ്പോലീത്താമാർ സുന്നഹദോസിൽ സംബന്ധിച്ചു.

ബി ഷെഡ്യൂളിൽപ്പെട്ട സ്ഥാപനങ്ങളുടേയും, സംഘടനകളുടേയും, പ്രസ്ഥാനങ്ങളുടേയും '87'-88 ലെ വരവുചിലവു കണക്ക് സുന്നഹദോസ് അംഗീകരിച്ചു. തിരുവനന്തപുരം ഗൈഡൻസ് സെൻററിൻേറയും; ഹോളി ട്രിനിററി ആശ്രമത്തിൻേറയും ഭരണഘടന വിശദമായ ചർച്ചകൾക്ക് ശേഷം അംഗീകരിച്ചു.

സ്ത്രീകൾക്ക് സഭാ പ്രവർത്തനങ്ങളിൽ കൂടുതൽ പങ്കാളിത്തം നല്കുന്നതിനെക്കുറിച്ച് പഠിക്കുവാൻ നിയോഗിച്ച കമ്മററിയുടെ റിപ്പോർട്ടും സുന്നഹദോസ് ചർച്ച ചെയ്ത് അംഗീകാരം നൽകി. സ്വർഗ്ഗാരോഹണം മുതൽ പെന്തിക്കോസ്തിവരെയുള്ള കാത്തിരിപ്പിൻെറ ദിവസങ്ങളിലേക്കും; പന്ത്രണ്ട് വയസായ കുട്ടികൾക്ക് സഭാപ്രതിഷ്ഠനടത്തുന്നതിനും ഉള്ള പ്രത്യേക പ്രാത്ഥനാക്രമങ്ങൾ തയ്യാർ ചെയ്തത് സുന്നഹദോസ് അംഗീകരിച്ചു.



## മാർ യൗസേബിയോസ് പ്രസിഡൻറ്



കോട്ടയം: സ്ളീബാദാസ സമൂഹത്തിൻെറ അദ്ധ്യക്ഷനായി തുമ്പമൺ ഭദ്രാസന സഹായമെത്രാപ്പോലീത്താ ഫിലിപ്പോസ് മാർ യൗസേബിയോസിനെ പ: എപ്പിസ്കോപ്പൽ സുന്നഹദോസ് നിയമിച്ചു. ഗീവറുഗീസ് മാർ ഒസ്താത്തിയോസ് മെത്രാപ്പോലീത്താ ആയിരുന്നു സമൂഹത്തിൻെറ മുൻ പ്രസിഡൻറ്.

# പ്രാദേശികാടിസ്ഥാനത്തിൽ ട്രാൻസ്ഫർ വേണം വൈദിക യോഗം

ഷേബാലി

ന്യൂയോർക്ക്: ഭാരതത്തിൻെറ 3 ഇരട്ടി വലിപ്പമുള്ള അമേരിക്കയിൽ വൈദികക്ക് ഇപ്പോഴത്തെ സംവിധാനത്തിൽ ജനറൽ ട്രാൻസ്ഫർ സാധ്യമല്ലെങ്കിലും പ്രാദേശിക തലത്തിലെങ്കിലും ട്രാൻസ്ഫർ നടപ്പിലാക്കണമെന്ന് വൈദികയോഗം ഭദ്രാസന മെത്രാപ്പോലീത്തായോടാവശ്യപ്പെട്ടു:

എല്ലാ മെയ് അവസാന വാരത്തിലും വൈദികർക്ക് ഒരു റിഫ്രഷർ കോഴ്സ് ഏർപ്പെടുത്തുവാൻ യോഗം തീരുമാനിച്ചു. ഇതേ കാലയളവിൽ ബസ്കിയാമ്മമാർക്കും കുട്ടികൾക്കും കോൺഫറൻസുകൾ സംഘടിപ്പിക്കുവാനും തീരുമാനിച്ചു.

പൊതു വൈദികയോഗത്തെ കൂടാതെ വൈദികരുടെ റീജണൽ കോൺഫറൻസുകളും സംഘടിപ്പിക്കണമെന്ന് യോഗം തീരുമാനിച്ചു.

സെൻറുതോമസ് ദിനവും ക്രിസ്തുമസും ഭദ്രാസനാടിസ്ഥാനത്തിൽ ആഘോഷിപ്പാൻ തീരുമാനിച്ചു.

14 വർഷക്കാലം അമേരിക്കൻ ഭദ്രാസനത്തിൽ സ്തുത്യർഹമായ സേവനം അനുഷ്ഠിച്ച് കേരളത്തിലേക്കു മടങ്ങിയ ഫാ. സി. ഒ. വർഗീസിനു വൈദികയോഗം ആശംസകൾ നേർന്നു.

## വാർഷിക പൊതുയോഗം ജൂലൈ 16-ന്

തിരുവനന്തപുരം: ഭദ്രാസനത്തിൻെറ 9-ാം വാർഷികപൊതുയോഗം ജൂലൈ 16ന് ഉള്ളൂർ ട്രിനിററി ഹാളിൽവെച്ച് മാർ ദീയസ്കോറോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടുന്നതാണ്. ഭദ്രാസന സെക്രട്ടറി ഫാ. തോമസ് തേക്കിൽ വാർഷിക വരവുചിലവുകണക്കും റിപ്പോർട്ടും അവതരിപ്പിക്കും.

## സംഗീതസായാഹ്നം ന്യൂയോർക്കിൽ

ഷേബാലി

ന്യൂയോർക്ക്: ഹിക്സ്‌വില്ലാ സെൻറ് സ്റ്റീഫൻസ് ഓർത്തഡോക്സ് യൂത്ത് മൂവ്മെൻറിൻെറ ആഭിമുഖ്യത്തിൽ സുപ്രസിദ്ധ പിന്നണിഗായകൻ ഉണ്ണിമേനോനും സംഘവും ജൂൺ 18-ന് ഫ്ളോറൽ പാർക്കിൽ ഒരു സംഗീതസായാഹ്നം ഒരുക്കി.

ന്യൂയോർക്ക് സെൻറ് സ്റ്റീഫൻസ് പള്ളിയുടെ ധനശേഖരണാത്ഥം ഒരുക്കിയ ഗാനമേളയുടെ ഔദ്യോഗിക ഉദ്ഘാടനകർമ്മം പള്ളിവികാരി റവ. ഡോ. സി.കെ. രാജൻ നിർവ്വഹിച്ചു.

മലയാളത്തിലെ നടനും നിർമ്മാതാവുമെന്ന നിലയിൽ പ്രശസ്തിയാർജിച്ച ബാലചന്ദ്രമേനോൻ നയിച്ച സംഘത്തിൽ പി. എ. ജോളി, ജാക്സൺ, ജയകുമാർ, ഗോപാൽ, ലാലു, ഹെൻറി, ജോർജ്, ജെഴ്സൺ എന്നിവരെക്കൂടാതെ പ്രശസ്ത പിന്നണിഗായിക ജെൻസിയും പങ്കെടുത്തു.

## പൊതുജനാരോഗ്യം ഗ്രാമീണ ബോധവത്ക്കരണ പരിപാടി നടത്തി.

കഞ്ഞഴ: എം.ജി. ഡി. എം. ആശുപത്രി പ്രചാർ പ്രോജക്ടിൻെറ ആഭിമുഖ്യത്തിൽ 'പൊതുജനാരോഗ്യവും പുനരധിവാസവും' എന്നതിനെപ്പററി ഗ്രാമീണബോധവത്ക്കരണപരിപാടി നടത്തി.

ജൂൺ 13 മുതൽ 17 വരെ തീയതികളിൽ വിവിധ വിഷയങ്ങളെ അധികരിച്ച് സെമിനാറുകൾ നടത്തി. 'സാമൂഹ്യ പ്രവർത്തനങ്ങളിൽ മാറിക്കൊണ്ടിരിക്കുന്ന പ്രവണതകൾ', 'പുനരധിവാസത്തിൽ മാറിക്കൊണ്ടിരിക്കുന്ന പ്രവണതകൾ സാമൂഹികാരോഗ്യ പരിപാലനത്തിൽ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലെ പ്രവർത്തകരുടെ പങ്ക് തുടങ്ങിയവയായിരുന്നു സെമിനാർ വിഷയങ്ങൾ.

17-ാം തീയതി പ്രചാർ പ്രോജക്ടിൻെറ ഉദ്ഘാടന സമ്മേളനം പ: ബാവാ തിരുമനസ്സുകൊണ്ട് ആശീർവ്വദിച്ചു. കേരള ആരോഗ്യവകുപ്പുമന്ത്രി എ. സി. ഷൺമുഖദാസ് ആദ്ധ്യക്ഷം വഹിച്ച സമ്മേളനത്തിൽവച്ച് കേന്ദ്രമന്ത്രി എം. എം. ജേക്കബ് പ്രോജക്ട് ഉദ്ഘാടനം ചെയ്തു.

പ്രൊ. കെ. എം. തരകൻ; ഫാ. തോമസ് ഐക്കര; ഉമ്മൻ ചാണ്ടി; കാനംരാജേന്ദ്രൻ; റോസമ്മ ചാക്കോ; കെ.സി. ഈപ്പൻ എന്നിവർ ആശംസാ പ്രസംഗങ്ങൾ നടത്തി.

# വിശുദ്ധസഭ ക്രിസ്തുസഭ യഹൂദ സഭയുടെ പിൻതുടർച്ചയാകുന്നു

'ചെറിയആട്ടിൻകൂട്ടമെ, ഭയപ്പെടേണ്ട. നിങ്ങളുടെ പിതാവു രാജ്യം നിങ്ങൾക്കു തരുവാൻ പ്രസാദിച്ചിരിയ്ക്കുന്നു.' ലൂക്കോ. (12: 32;) രാജ്യം എന്നു് ഇവിടെ വിവക്ഷിയ്ക്കുന്നതു്, ഇസ്റായേലിന്റെ രാജ്യത്തെ സംബന്ധിച്ചാകുന്നുവെന്നുള്ളതു് വ്യക്തമാണു്. അതിനെ 'ദൈവരാജ്യം', 'സ്വർഗ്ഗരാജ്യം' എന്നിങ്ങനെ സുവിശേഷങ്ങളിൽ നാമകരണം ചെയ്യുന്നുണ്ടു് ഈ പുതിയ ഇസ്റായേൽ വിശുദ്ധ സഭയാകുന്നു. (മത്താ 3:2, 5:19–20, 13:24, 31, 33, 44, 45, 47, 6:33, 11:11, 16:19, 10:14) മുതലായവ കർത്താവു പഴയ ഇസ്റായേലിന്റെ സ്ഥാനം സഭയ്ക്കു കൊടുത്തുകൊണ്ടു് അതിനെ രണ്ടുപ്രാവശ്യം 'എക്ളീസിയാ' എന്നു വിളിയ്ക്കുന്നതായി വിശുദ്ധ വേദത്തിൽ കാണാം.

a) മത്തായി. 16:18 'നീ പത്രോസാകുന്നു; ഈ പാറമേൽ ഞാനെന്റെ സഭയെ പണിയും.'

b) മത്തായി. 18:17 'അവരെ കൂട്ടാക്കാഞ്ഞാൽ എക്ളീസിയായോടു അറിയിക്ക.'

എക്ളീസിയാ എന്ന പദം ഗ്രീക്കു പഴയ തർജ്ജമയിൽ പഴയ ഇസ്റായേലിനു കൊടുത്തിരിക്കുന്ന പേരാകുന്നുവെന്നുള്ളതു് അർത്ഥവത്താണു്. ഈ അർത്ഥത്തിൽ പുതിയ നിയമത്തിന്റെ മററു ഭാഗങ്ങളിലും സഭയെ കുറിയ്ക്കുന്നതിനു് ഈ പദം ഉപയോഗിയ്ക്കുന്നുണ്ടു്. അപ്പൊ പ്രവൃ. 7:38, എബ്രാ. 2:12 കൂടാതെ മത്തായി 19:28-ൽ പന്ത്രണ്ടു് അപ്പോസ്തോലന്മാരെ ഇസ്റായേലിലെ പന്ത്രണ്ടു് ഗോത്രങ്ങളുടെ ന്യായാധിപന്മാരായി കർത്താവു ചിത്രീകരിക്കുന്നു. 'പുനർജ്ജനത്തിൽ മനുഷ്യപുത്രൻ അവന്റെ മഹത്വത്തിന്റെ സിംഹാസനങ്ങളിൽ ഇരുന്നു് ഇസ്റായേലിന്റെ പന്ത്രണ്ടു ഗോത്രങ്ങളെയും ന്യായം വിധിക്കും.'

കർത്താവ് -മശിഹാ- സ്ഥാപിച്ച സഭ ഇസ്റായേലിന്റെ പിന്തുടർച്ചയാണെന്നു സുവിശേഷങ്ങളിൽ കാണുന്നതു കൂടാതെ പുതിയ നിയമത്തിന്റെ മററു ഭാഗങ്ങളിലും ഈ ആശയംതന്നെ കാണുന്നുണ്ടു്. പൗലൂസ് ശ്ളീഹായും, പത്രോസ് ശ്ളീഹായും വിശുദ്ധ സഭയെ ദൈവമന്ദിരത്തോടു് ഉപമിയ്ക്കുന്നു. (എപ്പേസി 2:19–22 1, കോരി 3:10–17, 1പത്രോ 2:5) യരുശലേം ദേവാലയത്തിന്റെ സ്ഥാനമാണു് ക്രിസ്തുസഭയ്ക്കുള്ളതെന്നത്രെ ഈ ഉപമാനത്തിന്റെ അർത്ഥം. സ്തേപ്പാനോസ് സഹദായും ക്രിസ്തുസഭയെ ഇസ്രായേലിന്റെ പിന്തുടർച്ചയായി പരിഗണിയ്ക്കുന്നു. തന്നെ കല്ലെറിയുന്നതിനു മുമ്പായി നടത്തിയ ദീർഘമായ പ്രസംഗത്തിൽ മോശയെപ്പററി 'സീനായ് മലയിൽ തന്നോടു സംസാരിച്ച ദൂതനോടും നമ്മുടെ പിതാക്കന്മാരോടുംകൂടെ മരുഭൂമിയിലെ സഭയിൽ ഇരുന്നവനും നമുക്കുതരുവാൻ ജീവനുള്ള അരുളപ്പാടു ലഭിച്ചവനും അവൻതന്നെ' അപ്പൊ. പ്രവൃ 7:38 എന്നു സ്തേപ്പാനോസ് പറയുന്നതിനാൽ സഭ ക്രിസ്തുവിനുമുമ്പുതന്നെ ഉണ്ടായിരുന്നുവെന്നും അതു പഴയ ഇസ്റായേലാകുന്നുവെന്നും വ്യക്തമാകുന്നുണ്ടു്. (റോമ. 9:6, 25, 30, 31; വെളി. 21 9–14 എന്നീ ഭാഗങ്ങളും കാണുക)

6) യഹോവ ഇസ്റായേലുമായി (അബ്രഹാമുമായി) ഒരു നിത്യ ഉടമ്പടി ചെയ്യുന്നുണ്ടു്. അതു മുഖാന്തരം യഹോവ അവരുടെ ദൈവവും, ഇസ്റായേൽ യഹോവയുടെ ജനവും ആയിത്തീരുന്നു. പരിഛേദന അതിന്റെ അടയാളമായിരുന്നു. ഇസ്റായേലിൽനിന്നും നീക്കപ്പെടുന്നവൻ യഹോവയിങ്കൽനിന്നുംതന്നെ നീക്കപ്പെടുന്നു (ഉല്പത്തി 17:1—14) ക്രിസ്തുസഭ ഇസ്റായേലിന്റെ പിന്തുടർച്ചയെങ്കിൽ ഈ നിത്യ ഉടമ്പടിയുടെ പരിധിയിൽ അതും ഉൾപ്പെടേണ്ടതാകുന്നു. പഴയ ഇസ്റായേലിലെ അധികപങ്കം, ഉടമ്പടിക്കു വിപരീതമായി യഹോവയെ വിട്ടുമാറി. പ്രവാചകന്മാർ, അതിനാൽ ഇസ്റായേലിന്റെ അത്യല്പമായ ഒരു ശേഷിപ്പിനെകൊണ്ടു ദൈവം തന്റെ ഉദ്ദേശം നിവൃത്തിക്കുമെന്നു പ്രവചിക്കുന്നതായി കാണുന്നുണ്ടു് (ഏശാ. 6:13; അമോ 9:8മുതലായവ) ഈ അവശേഷിപ്പിക്കുന്ന അപ്പൊസ്തോല സംഘത്താൽ ലോകത്തിൽ സ്ഥാപിതമായ ക്രിസ്തുസഭ മുഖാന്തിരമായി ലോകത്തിന്റെ രക്ഷയെ ദൈവം സാധിക്കുന്നതായി റോമ ലേഖനം 9-ാം അദ്ധ്യായത്തിൽ പൗലൂസ് ശ്ളീഹാ പ്രതിപാദിക്കുന്നു. പഴയ ഇസ്രായേലിനുവന്ന അധഃപതനത്തിന്റെ കാരണവും അവിടെ പറയുന്നുണ്ടു്. (റോമ 9:31 -32) 'നീതിയുടെ പ്രമാണം പിന്തുടർന്ന ഇസ്റായേലോ ആ പ്രമാണത്തിങ്കൽ എത്തിയില്ല. അതെന്തുകൊണ്ടു്? വിശ്വാസത്താലല്ല പ്രവൃത്തികളാൽ അന്വേഷിച്ചതുകൊണ്ടുതന്നെ'' (ഹബക്കുക്ക് 2:4)

യേശുക്രിസ്തുവിലുള്ള വിശ്വാസമാകുന്ന രക്ഷയുടെ മുഖാന്തരം (റോമ 1:17, ഗലാ 3:11, എബ്രാ 10:38) പഴയ ഇസ്രായേൽ പഴയ ഉടമ്പടി ലംഘിച്ചതിനാൽ പുതിയ ഇസ്രായേലുമായി യഹോവ പുതിയ ഉടമ്പടി ചെയ്യുന്നു. (യെരമ്യ 32:40, എസക്കി 16:60) ''വിശ്വസിക്കുകയും, മാമ്മോദീസാ ഏൽക്കുകയും ചെയ്യുന്നവൻ രക്ഷിക്കപ്പെടും'' (മർക്കോ 16:16) അഥവാ വിശ്വാസത്താലും മാമ്മോദീസായാലും രക്ഷപ്പെട്ട ദൈവത്തിന്റെ ജനമായിത്തീരും. ഇതാകുന്നു പുതിയ ഉടമ്പടി. ഈ ഉടമ്പടി പുതിയതെന്നു പറയുന്നതു് അത്ര ശരിയായിരിക്കുകയില്ല. പഴയതുതന്നെ പുതിയ ഒരു രൂപത്തിൽ പുനഃസ്ഥാപിക്കുന്നുവെന്നേയുള്ളു ഗോത്രപിതാവായ അബ്രഹാമുമായി ചെയ്ത പഴയ ഉടമ്പടിയുടെ അടയാളം ശരീരപ്രകാരമുള്ള പരിഛേദനയെങ്കിൽ, പുതിയ ഉടമ്പടിയുടെ അടയാളമോ ഹൃദയപ്രകാരമുള്ള പരിഛേദനയാകുന്ന പരിശുദ്ധ മാമ്മോദീസാ അത്രെ. ''ക്രിസ്തുവിന്റെ പരിഛേദനയാൽ ജഡശരീരം ഉരിഞ്ഞുകളഞ്ഞതിനാൽതന്നെ അവനിൽ നിങ്ങൾക്കു കൈകൊണ്ടല്ലാത്ത പരിഛേദനയും ലഭിച്ചു.'' (കൊലോ 2:11) പരിഛേദനമൂലമുണ്ടായ അബ്രഹാമിന്റെ വംശജരായ എബ്രായ ജാതി ദൈവത്തിന്റെ ജനമാണെങ്കിൽ, മാമ്മോദീസാമൂലം വീണ്ടും ജനിച്ചു. രക്ഷിക്കപ്പെടുന്ന ക്രിസ്തുവംശജരായ ക്രിസ്തീയ ജാതിയും ദൈവത്തിന്റെ ജനമായിത്തീരുന്നുവെന്നു് അബ്രഹാമിന്റെ പാരമ്പര്യം, മററതു് യേശുവിന്റെ പാരമ്പര്യം ഒന്നു ജഡീകം, മററതു് ആത്മീയം.

ഇപ്രകാരം ഉടമ്പടിപ്രകാരവും, മശിഹായെപ്പററിയുള്ള പ്രവചനങ്ങളനുസരിച്ചും, പരിശുദ്ധാത്മദാനംവഴിയും, മററു പ്രകാരേണയും ക്രിസ്തുസഭ യഹൂദസഭയുടെ പിന്തുടർച്ചയും പൂർത്തീകരണവുമാകുന്നുവെന്നുള്ളതു വ്യക്തമാണു്.

(തുടരും)

## വികലാംഗ ശിശുക്ഷേമകേന്ദ്രം: പുതിയ ബ്ളോക്ക് ഉദ്ഘാടനം ചെയ്തു

(സ്റ്റാഫ് റിപ്പോർട്ടർ)

തിരുവനന്തപുരം: ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ പ്രവർത്തിച്ചുവരുന്ന ഹോളി ട്രിനിററി വികലാംഗ ബാലഭവനത്തോടു് ചേർത്തു് പുതുതായി പണികഴിപ്പിച്ച ഡോർമിററിവിംഗിന്റെ കൂദാശാകർമ്മം ഭദ്രാസനമെത്രാപ്പോലീത്താ ഗീവർഗീസ് മാർ ദീയസ്തോറോസ് ഒട്ടനവധി വൈദികരുടെ സഹകരണത്തിൽ ജൂലൈ 3-നു് നിർവ്വഹിച്ചു. പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം തദ്ദേശ സ്വയംഭരണവകുപ്പു മന്ത്രി വി. ജെ. തങ്കപ്പൻ നിർവ്വഹിച്ചു.

തുടർന്നു് ഇടവകമെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ ചേർന്ന പൊതുസമ്മേളനം മന്ത്രി വി. ജെ. തങ്കപ്പൻ ഉദ്ഘാടനം ചെയ്തു. മാമ്മൻ ഐപ്പ് (എം. എൽ. എ) എം വിജയകുമാർ (എം. എൽ. എ). വി. ശിവൻകുട്ടി (ഉള്ളൂർ പഞ്ചാ: പ്രസിഡൻറ്): ജോൺമാത്യു (മാനേജിംഗ് ഡയറക്ടർ സിഡ്കോ); പി. കെ. സ്റ്റാർലി എന്നിവർ പ്രസംഗിച്ചു.

ഗവൺമെൻറിനു് ചെയ്യാൻ സാധിക്കാത്ത പല നല്ലകാര്യങ്ങളും സമൂഹത്തിൽ സഭകൾ ചെയ്യുന്നുണ്ടെന്നു് പ്രസംഗത്തിൽ മന്ത്രി അനുസ്മരിച്ചു. വികലാംഗബാലഭവനത്തിനു് ആവശ്യമായിരിക്കുന്ന എല്ലാ സഹകരണങ്ങളും ഗവൺമെൻറിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്നു് മന്ത്രി ഉറപ്പുനല്കി.

ഭദ്രാസന സെക്രട്ടറി ഫാ. തോമസ് തേക്കിൽ സ്വാഗതം പറഞ്ഞു. ഡയറക്ടർ ജോൺ പി. തോമസ് റിപ്പോർട്ടവതരിപ്പിച്ചു.

പരിശുദ്ധ പരുമലതിരുമേനിയുടെ നാമത്തിൽ പണികഴിപ്പിച്ച ഈ പുതിയ കെട്ടിടത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾക്കായി രണ്ടുലക്ഷം രൂപയോളം കുവൈററു് അഹമഡി ഓർത്തഡോക്സ് കോൺഗ്രിഗേഷൻ സംഭാവനയായി നല്കുകയുണ്ടായി.

## ചാർജെടുത്തു

അങ്കമാലി: ഭദ്രാസനത്തിലെ കിഴക്കമ്പലം ബേത്ലഹേം സെൻറ് മേരീസ് കോൺവെൻറ് വക ഞാറല്ലൂർ ബേത്ലഹേം ഹൈസ്കൂൾ ഹെഡ്മാസ്റ്ററായി ഫാ. ജോർജ്ജ് പട്ടലാട്ട് ചാർജ്ജെടുത്തു. കങ്ങഴ എം. ജി. ഡി. എം. ആശുപത്രി ഓർഗനൈസിംഗ് സെക്രട്ടറി; ചാപ്ളയിൻ, വെഞ്ഞോല ശാലേം ഹൈസ്കൂൾ അദ്ധ്യാപകൻ എന്നീ നിലകളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള ഫാ. പട്ടലാട്ട് ഇപ്പോൾ മൂന്നാർ സെൻറ് മേരീസ് ഓർത്തഡോക്സ് പള്ളി വികാരികൂടിയാണ്.

## ഭാരവാഹികൾ

ന്യൂയോർക്കു്: അമേരിക്കൻ ഭദ്രാസനത്തിന്റെ വൈദിക യോഗം ഭദ്രാസന മെത്രാപ്പോലീത്താ ഡോ. തോമസ് മാർ മക്കാറിയോസിന്റെ അദ്ധ്യക്ഷതയിൽ കൂടി ഭാരവാഹികളെ തിരഞ്ഞെടുത്തു.

തോമസ് മുണ്ടുകുഴി കോർ എപ്പിസ്കോപ്പാ ചെറിയാൻ നീലാങ്കൽ കോർ എപ്പിസ്കോപ്പാ (വൈ. പ്രസിഡൻറുമാർ), ഫാ. പി. സി. ഗീവർഗീസ് (സെക്രട്ടറി), ഫാ. കെ. മത്തായി, ഫാ. സി. ജെ. ജോൺസൺ, ഫാ, ജോയി സ്ലീബ, ഭദ്രാസന സെക്രട്ടറി ഫാ. ടി. എ. തോമസ് (കമ്മററിയംഗങ്ങൾ)

## അമൃതബിന്ദുക്കൾ!



### എഴുപത്തിഏഴ്

സന്മനസ്സു ശരീരത്തി–
ന്നുന്മേഷത്തെയുണർത്തിടും.

### എഴുപത്തിഎട്ട്

എളിയോരിൽ കൃപയുള്ളോൻ
ദൈവ പ്രീതിയ്ക്കു പാത്രമാം.

### എഴുപത്തിഒമ്പതു്

ക്രോധാഗ്നിയെ ശമിപ്പിയ്ക്കും
കുളിർവൃഷ്ടി സുഭാഷിതം.

ശ്രീപാദം ഈശ്വരൻ നമ്പൂതിരി

# മാർ ബസേലിയോസ് പ്രാർത്ഥനാ മല്ലൻ മാർ മക്കാറിയോസ്

ഷേബാലി

ഫിലഡൽഫിയ: ആദിമ സഭാ പിതാക്കന്മാരിൽ പ്രമുഖനായ മാർ ബസേലിയോസ് ഒരു പ്രാർത്ഥനാ മല്ലനായിരുന്നുവെന്നും മാർതോമ്മായുടെ പിൻഗാമികളായ മലങ്കര സഭയുടെ തലവന്മാർ ഈ നാമമാണ് സ്വീകരിച്ചിട്ടുള്ളതെന്നും അമേരിക്കൻ ഭദ്രാസന മെത്രാപ്പോലീത്താ പ്രസ്താവിച്ചു.

പരിശുദ്ധ എപ്പിസ്കോപ്പൽ സുന്നഹദോസിൻെറ നിശ്ചയപ്രകാരം നിലവിൽവന്ന മാർ ബസേലിയോസ് ഓർത്തഡോക്സ് ഇടവകയുടെ ഔദ്യോഗിക ഉദ്ഘാടനത്തോടനുബന്ധിച്ച് ചേർന്ന സമ്മേളനത്തിൽ പ്രസംഗിക്കുകയായിരുന്നു മെത്രാപ്പോലീത്താ.

ജൂൺ 12 ഞയറാഴ്ച വൈകിട്ട് 6 മണിക്ക് മെത്രാപ്പോലീത്താ വി. ബലിഅർപ്പിച്ചു. ഫാ പി. സി ഗീവർഗീസ്, ഫാ. കെ. മത്തായി, ഫാ. സി. ജെ. ജോൺസൺ, ഫാ. മാത്യു വർഗീസ്, ഭദ്രാസന ട്രസ്റ്റി രാജു എം. വർഗീസ് എന്നിവരും സമീപ ഇടവകകളിൽ നിന്നുള്ള നിരവധി ഭക്തജനങ്ങളും വി. ബലിയിൽ സംബന്ധിച്ചു.

ഇടവകയ്ക്കുവേണ്ടി വർഗീസ് എം. വർഗീസ് കൃതജ്ഞത പറഞ്ഞു തുടർന്ന് ചടങ്ങിൽ സംബന്ധിച്ചവർക്ക് ഇടവകയുടെവക ഡിന്നർ സൽക്കാരവും ഉണ്ടായിരുന്നു. തുടർന്നു ചേർന്ന ഇടവകാംഗങ്ങളുടെ യോഗത്തിൽ ഭദ്രാസന മെത്രാപ്പോലീത്താ മാർ മക്കാറിയോസ് അദ്ധ്യക്ഷത വഹിച്ചു. ഇടവകയുടെ നടത്തിപ്പിലേക്ക് ഫാ. പി. സി ഗീവർഗീസിനെ ചുമതലപ്പെടുത്തി.

## സഭയ്ക്കു ദേശീയ കാര്യസമിതി

കോട്ടയം: മലങ്കര ഓർത്തഡോക്സ് സഭ ഒരു ദേശീയ കാര്യസമിതിക്ക് രൂപം നൽകി. അതതു് കാലഘട്ടത്തിലുണ്ടാകാവുന്ന ദേശീയ പ്രാധാന്യമുള്ള വിഷയങ്ങളോട് ക്രിയാത്മകമായി പ്രതികരിക്കുവാൻ ഈ സമിതിക്ക് അധികാരാവകാശങ്ങൾ നൽകുന്നതാണ്.

പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ, സി. കെ. കൊച്ചുകോശി (ഐ. എ. എസ്) പ്രൊഫ. നൈനാൻ ഏബ്രഹാം, തോമസ് കുതിരവട്ടം എം. പി. ഉമ്മൻചാണ്ടി എം. എൽ. എ., എം. ഇ. കുര്യാക്കോസ്, സാറാമ്മജേക്കബ് എന്നിവരാണ് പ്രസ്തുത സമിതിയിലെ അംഗങ്ങൾ.

കോട്ടയം പഴയ സെമിനാരിയിൽ കൂടിയ പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസാണ് പ്രസ്തുത സമിതിക്ക് അംഗീകാരം നൽകിയതു്.

## ഫാ. പൗലൂസ് ആദായി ചാർജെടുത്തു



ന്യൂയോർക്ക്: ന്യൂസിററി സെൻറു് ജോൺസ് പള്ളി വികാരിയായി ഫാ. പൗലൂസ് ആദായി ചാർജെടുത്തു. ജൂൺ 19 ഞയറാഴ്ച ഇടവക മെത്രാപ്പോലീത്താ ഡോ. തോമസ് മാർ മക്കാറിയോസ് മെത്രാപ്പോലീത്താ ന്യൂസിററി ഇടവകയിൽ വി. ബലി അർപ്പിച്ച് ഫാ. ആദായിക്ക് ഇടവകയുടെ ചാർജ് നൽകി.

ബോംബെ ഭദ്രാസനത്തിലെ ദാദർ സെൻറു്മേരീസ് പള്ളി, ചെമ്പൂർ മാർ ഗ്രിഗോറിയോസ് ഇടുക്കി ഭദ്രാസനത്തിലെ ചക്കുപള്ളം സെൻറു്തോമസ്, ഏലപ്പാറ, ഹെലിബറിയ, പള്ളിക്കുന്ന് എന്നിവിടങ്ങളിൽ സേവനം അനുഷ്ഠിച്ചിട്ടുള്ള ഫാ. ആദായി കോതമംഗലം തോലാനിക്കുന്നേൽ കുടുംബാംഗമാണ്.

## സ്ത്രീകൾക്കു കൂടുതൽ പങ്കാളിത്തം

കോട്ടയം: സ്ത്രീകൾക്ക് സഭാപ്രവർത്തനങ്ങളിൽ കൂടുതൽ പങ്കാളിത്തം നൽകുന്നതിനു് പ. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് നിശ്ചയിച്ചു. ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ടു് സമപ്പിക്കുവാൻ നിയോഗിച്ച കമ്മീഷൻെറ റിപ്പോർട്ടു് പൗലൂസ് മാർ ഗ്രീഗോറിയോസ് മെത്രാപ്പോലീത്താ പ. സുന്നഹദോസിൽ അവതരിപ്പിച്ചു.

ആൺകുട്ടികളെപ്പോലെ തന്നെ പെൺകുട്ടികളേയും വി. മാമൂദീസാശുശേഷം മദ്ബഹായിൽ പ്രവേശിപ്പിച്ച് ബലിപീഠം മുത്തിക്കുവാനും, അത്യാവശ്യ സന്ദർഭങ്ങളിൽ ആരാധനയ്ക്കു് വി. വേദഭാഗം വായിപ്പിക്കുവാനും; ദനഹാപ്പെരുനാളിനുശേഷം ആൺകുട്ടികളെപ്പോലെ തന്നെ പെൺകുട്ടികൾക്കും മാമൂദീസാ നൽകുവാനും ആണു് ഇപ്പോൾ തീരുമാനമായിട്ടുള്ളതു്.

## റസിഡൻറു് ട്യൂട്ടറെ ആവശ്യമുണ്ടു്

അങ്കമാലി: ഭദ്രാസനത്തിലെ കിഴക്കമ്പലം ബേത്ലഹേം ഹൈസ്കൂളിനോടനുബന്ധിച്ചു നടത്തുന്ന ബോർഡിംഗ് ഹോമിൽ റസിഡൻറു് ട്യൂട്ടറായി സേവനം അനുഷ്ഠിക്കുവാൻ താല്പര്യമുള്ളവരിൽനിന്നു് അപേക്ഷകൾ ക്ഷണിക്കുന്നു. വിലാസം: ഹെഡ്മാസ്റ്റർ; ബേത്ലഹേം ഹൈസ്കൂൾ; ഞാറല്ലൂർ; കിഴക്കമ്പലം; എറണാകുളം.

## തിരിച്ചെത്തി



ഡീ.എം.പി. ജോർജ്

റഷ്യയിലെ ലെനിൻഗ്രാഡ് തിയോളജിക്കൽ അക്കാഡമിയിൽനിന്നും, ഇംഗ്ലണ്ടിലെ സെൻറ് ആൽബർട്ട്സ് മ്യൂസിക് സ്കൂളിൽനിന്നും പാശ്ചാത്യ പൗരസ്ത്യ സംഗീതങ്ങളിൽ ബിരുദം നേടിയ ശേഷം തിരിച്ചെത്തിയ ഡീക്കൺ എം. പി. ജോർജ്ജ് ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ സംഗീതവിഭാഗത്തിൽ ചാർജെടുത്തിരിക്കുന്നു. പാമ്പാക്കുട വലിയപള്ളി ഇടവകാംഗമായ ഇദ്ദേഹം മാമ്മൂട്ടിൽ കരനിലത്തു് എം. കെ. പൈലിയുടെ പുത്രനാണ്.

## ഓഫീസ്മാററം

തിരുവനന്തപുരം: ഭദ്രാസന മെത്രാപ്പോലീത്തായുടെ താമസവും, ഓഫീസും ഉള്ളൂർ ട്രിനിററി സെൻററിലേക്കുമാററിയിരിക്കുന്നു. പുതിയ ഫോൺ: തിരുവനന്തപുരം 82509.

## വൈദികസംഘം: മേഖലാ പ്രസിഡൻറുമാരെ നിയമിച്ചു

കോട്ടയം: മലങ്കര ഓർത്തഡോക്സ് വൈദിക സംഘത്തിൻെറ ആറു മേഖലകൾക്ക് പുതിയ പ്രസിഡൻറുമാരെ നിയമിക്കുവാൻ പ: എപ്പിസ്കോപ്പൽ സുന്നഹദോസ് തീരുമാനിച്ചു. ഗീവറുഗീസ് മാർ ദീയസ്കോറോസ് (ദക്ഷിണമേഖല) ഗീവറുഗീസ് മാർ ഈവാനിയോസ് (മദ്ധ്യമേഖലാ പൗലൂസ് മാർ മിലിത്തിയോസ് (ഉത്തരമേഖല); സഖറിയാസ് മാർ ദീവന്നാസ്യോസ് (ബാഹ്യകേരള ഭാരതമേഖല) സ്തേഫാനോസ് മാർ തേവോദോസ്യോസ് (ബാഹ്യകേരള ഗൾഫ്മേഖല); തോമസ് മാർ മക്കാറിയോസ് (ബാഹ്യകേരള അമേരിക്കൻ മേഖല) എന്നിവരാണ് പുതിയ പ്രസിഡൻറുമാർ.

## ഉപവാസധ്യാനവും സമാധാനറാലിയും

ചെങ്ങന്നൂർ: 1988 ആഗസ്റ്റ് 4 മുതൽ 6 വരെ ഉമയാററുകര സെൻറ് തോമസ് ഓർത്തഡോക്സ് പള്ളിയിൽവെച്ച് ഇടവകയുടെയും, ഭദ്രാസന ആഭ്യന്തര സുവിശേഷ സംഘത്തിൻെറയും ആഭിമുഖ്യത്തിൽ ലോകസമാധാനത്തിനു വേണ്ടി ഉപവാസയോഗങ്ങളും സമാധാനറാലിയും നടത്തുവാൻ നിശ്ചയിച്ചിരിക്കുന്നു. ധ്യാനയോഗങ്ങൾക്ക് പോൾ സിനിരാജ് നേതൃത്വം നൽകുന്നതാണ്.

ആഗസ്റ്റ് 4, 5 തീയതികളിൽ രാവിലെ 9 മണി മുതൽ 3 മണിവരെ ധ്യാനയോഗങ്ങളും ഹിരോഷിമാ ദിനമായ 6-ാം തീയതി സമാധാനറാലിയും നടത്തുന്നതാണ്. റാലി ഉമയാററുകരയിൽനിന്നും ആരംഭിച്ച് ചെങ്ങന്നൂർ ബഥേൽ അരമന മൈതാനിയിൽ സമാപിക്കുന്നതും തുടർന്ന് പൊതുസമ്മേളനം നടത്തുന്നതുമാണ്.

## ഫാ: മത്തായി വിളനിലം



കൊല്ലം: ഭദ്രാസന സെക്രട്ടറിയായി ഫാ: മത്തായി വിളനിലം വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. മാത്യൂസ് മാർ കൂറീലോസ് മെത്രാപ്പോലീത്തായുടെ അദ്ധ്യക്ഷതയിൽ കൂടിയ ഭദ്രാസന പൊതുയോഗം ആണ് ഇദ്ദേഹത്തെ സെക്രട്ടറിയായി തിരഞ്ഞെടുത്തതു്.






Edited & Published by Shebaly, Printed by Rev. C. K. Joseph Ramban on behalf of M. O. C. F. C. F. Printed at Archana Offset Printers Collectorate P. O. Kottayam-2, Manager Fr. Raju Varghese, Asst. Manager A. J. George, Circulation Asst. K.P. Jacob, (Hon) Chief Editor